**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 85** **07-12-2022 - ൽ മറുപടിയ്ക്ക്**

**ജലജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കെ ബി ഗണേഷ് കുമാർ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എല്ലാ ഭവനങ്ങളിലും കുടിവെള്ളം എത്തിക്കുന്നതിന് നടപ്പിലാക്കി വരുന്ന ജലജീവൻ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും 2024-ഓടു കൂടി ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കി കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് ജല ജീവൻ മിഷൻ പദ്ധതി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയിൽ അംഗീകൃത ഗുണനിലവാര മാനദണ്ഡങ്ങൾ ഉറപ്പാക്കിക്കൊണ്ട് പ്രതിദിന ആളോഹരി ജല ലഭ്യത ഏറ്റവും കുറഞ്ഞത് 55 ലിറ്റർ എന്ന കണക്കിൽ കുടിവെള്ളം ടാപ്പ് കണക്ഷനുകൾ വഴി ലഭ്യമാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.<br><br>സംസ്ഥാനത്ത് ആകെയുള്ള 70.69ലക്ഷം ഗ്രാമീണ വീടുകളിൽ, 2020 ഏപ്രിലിലെ കണക്കനുസരിച്ച് 17.5 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകളാണ് (24.76%) നിലവിലുണ്ടായിരുന്നത്. ദേശീയ തലത്തിൽ 2019 ൽ പദ്ധതി പ്രഖ്യാപിച്ചുവെങ്കിലും കേരളത്തിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചത് 2020-21 കാലയളവിലാണ്.<br><br>നിലവിൽ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് എല്ലാ ഗ്രാമീണ വീടുകൾക്കും അതായത് 53,34,736 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 40,203.61 കോടി രൂപയുടെ പ്രവർത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത പ്രവർത്തികൾ പൂർത്തിയാകുന്നതോടെ സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകൾക്കും ടാപ്പ് കണക്ഷനുകൾ വഴി കുടിവെള്ളം ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ജല ജീവൻ മിഷൻ പദ്ധതിയിൽ ഏറ്റെടുത്ത പ്രവർത്തികളിലുൾപ്പെടുത്തി 2020-21 കാലയളവിൽ 4.04 ലക്ഷം കണക്ഷനുകളും 2021-22 കാലയളവിൽ 6.64 ലക്ഷം കുടിവെള്ള കണക്ഷനുകളും 2022-23 (03/12/2022 വരെ) കാലയളവിൽ 3,72,517 കണക്ഷനുകളും നൽകിയിട്ടുണ്ട്.<br><br>കോവിഡ് മഹാമാരിയുടെ ഭാഗമായുള്ള നിയന്ത്രണവും, വെള്ളപൊക്കവും, പൈപ്പ് തുടങ്ങിയ മെറ്റീരിയൽസിന്റെ വില വർദ്ധനവും കാരണം പദ്ധതി നിർവ്വഹണത്തിൽ തടസ്സങ്ങൾ നേരിട്ടിരുന്നു. എങ്കിലും ജല ജീവൻ മിഷൻ പദ്ധതി ആരംഭിച്ചതിനുശേഷം 03/12/2022 ലെ കണക്ക് പ്രകാരം ആകെയുള്ള കണക്ഷനുകളുടെ എണ്ണം 31.90 ലക്ഷം ആയി ഉയർന്നിട്ടുണ്ട്. ഇത് ആകെ ഗ്രാമീണ വീടുകളുടെ 45.13 % ആണ്. 2024-യോടെ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകുവാൻ ലക്ഷ്യമിട്ടാണ് പദ്ധതി പ്രവർത്തനം നടന്നു വരുന്നത്. നിലവിൽ 36 പഞ്ചായത്തുകളിൽ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകി ലക്ഷ്യം കൈവരിച്ചിട്ടുണ്ട്.<br><br>എല്ലാ ഗ്രാമീണ സ്കൂളുകളിലും അങ്കണവാടികളിലും ശുദ്ധജല ലഭ്യത ഉറപ്പ് വരുത്തിയിട്ടുണ്ട്. കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന ക്കായി 5000 ത്തിൽപരം കുടുംബശ്രീ വനിതകൾക്ക് പരിശീലനം നൽകി പരിശോധനകൾ നടത്തി വരുന്നു. കൂടാതെ വാട്ടർ അതോറിറ്റിയുടെ 82 കുടിവെള്ള ഗുണനിലവാര പരിശോധന ലാബുകൾക്ക് NABL അംഗീകാരം ലഭ്യമായിട്ടുണ്ട്.<br><br>പദ്ധതികൾക്കാവശ്യമായ സ്ഥലം എല്ലായിടത്തും ലഭ്യമല്ലാത്തതും പദ്ധതി ഘടകങ്ങൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത്, റെയിൽവേ, നാഷണൽ ഹൈവേ അതോറിറ്റി, വനംവകുപ്പ് തുടങ്ങിയിട്ടുള്ള മറ്റ് വകുപ്പുകളിൽനിന്നും ലഭ്യമാകേണ്ട അനുമതികൾ ലഭ്യമാകുന്നതിലെ തടസ്സങ്ങളും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വിഘാതം സൃഷ്ടിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി സംസ്ഥാനം മുഴുവൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ? | (ബി) | ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നത് പഞ്ചായത്തുകളുടെ ഏകോപനത്തിലും പങ്കാളിത്തത്തിലുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടി കേരള വാട്ടർ അതോറിറ്റി, ജലനിധി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നീ ഏജൻസികൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ആസൂത്രണം മുതൽ ബന്ധപ്പെട്ട തദ്ദേശ |

| | | | |
|---|---|---|---|
| | | | സ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തോടെയാണ് നടപ്പിലാക്കുന്നത്.<br><br>ഇതിനായി ഗ്രാമീണ തലത്തിൽ ഗ്രാമ പഞ്ചായത്ത് വാട്ടർ ആന്റ് സാനിറ്റേഷൻ കമ്മിറ്റികൾ നിലവിലുണ്ട്. ഓരോ പദ്ധതിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ചതിനു ശേഷമാണ് ബന്ധപ്പെട്ട ഡിസ്ട്രിക്ട് വാട്ടർ ആന്റ് സാനിറ്റേഷൻ മിഷനുകൾ അംഗീകരിച്ച് സംസ്ഥാന വാട്ടർ ആന്റ് സാനിറ്റേഷൻ മിഷന്റെ അംഗീകാരത്തോടെ ഭരണാനുമതി നൽകിയിട്ടുള്ളത്.<br><br>പദ്ധതി നിർവ്വഹണത്തിൽ നേരിടുന്ന പ്രധാന വെല്ലുവിളികളായ സ്ഥലലഭ്യത, മറ്റു വകുപ്പുകളിൽ നിന്നും ലഭ്യമാകേണ്ട അനുമതികൾ തുടങ്ങിയ കാര്യങ്ങളിൽ ബഹു.മുഖ്യമന്ത്രി, ബഹു.ജലവിഭവ മന്ത്രി, ബഹു.എം.എൽ.എ.മാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ചീഫ് സെക്രട്ടറി, ജില്ലാ കളക്ടർമാർ തുടങ്ങിയവരുടെ നേതൃത്വത്തിൽ ജല ജീവൻ മിഷൻ പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് നിരന്തരമായ അവലോകന യോഗങ്ങൾ നടത്തിയും ആശയവിനിമയ ത്തിലൂടെയും പരിഹാരം കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ